ഊർജസ്വലതയോടെ തെരഞ്ഞെടുപ്പുപ്രചാരവേലയിൽ പങ്കെടുത്ത് തന്റെ പാർട്ടിയെ വിജയത്തിലേക്കു നയിക്കുകയും ചെയ്തു.

പാകിസ്ഥാന്റെ പ്രധാനമന്ത്രിയായി സ്ഥാനമേററ ബേനസീറിന് അതേ ദിവസം ഇന്ത്യാപ്രധാനമന്ത്രി രാജീവ്ഗാന്ധി അയച്ച ഒരു സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു:

'നമുക്ക് രണ്ടു കൂട്ടർക്കും പൊതുവായുള്ള ഈ ഭൂഖണ്ഡത്തെ നമ്മുടെ രാഷ്ട്രങ്ങളുടെ ഭാഗധേയങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് നമുക്ക് ശക്തിനൽകുന്ന രാഷ്ട്രീയ അഭിലാഷങ്ങളും അടിസ്ഥാനസിദ്ധാന്തങ്ങളും സദാചാരനിയമങ്ങളുമനുസരിച്ച് സുരക്ഷിതമായ ഒരു പ്രദേശം ആക്കാൻ ഒത്തുചേർന്നു ശ്രമിച്ചാൽ നമുക്ക് സാധിക്കും. പാകിസ്ഥാന്റെ പിറവിക്കുശേഷമുള്ള കാലഘട്ടത്തിന്റെ സന്താനങ്ങളാണ് നിങ്ങളും ഞാനും. പാകിസ്ഥാനുമായുള്ള ബന്ധത്തെ ഇന്ത്യ എന്നും വിലമതിച്ചിരുന്നു. ശക്തമായ സൗഹാർദം നമ്മുടെ ജനതകൾക്കിടയിൽ നിലനിൽക്കുന്നു. ചരിത്രം, സംസ്കാരം, ഭാഷ, മതം എന്നിവ നമ്മെ പരസ്പരം ബന്ധപ്പെടുത്തുന്നു. നമ്മുടെ ജനങ്ങൾക്ക് പരസ്പരമുള്ള സ്നേഹത്തിന് അനുസൃതമായ ഒരു ബന്ധം നമ്മുടെ സർക്കാരുകൾക്കിടയിൽ നിർമിക്കേണ്ടതു് സുപ്രധാനമാണ്. നിങ്ങളുടെ അച്ഛനും എന്റെ അമ്മയും ഒപ്പിട്ട സിംലാകരാർ നമ്മുടെ കാലത്തും വരാൻ പോകുന്ന തലമുറകളുടെ കാലത്തും നമ്മുടെ രാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും സഹകരണവും വളർത്തുന്ന പരസ്പരവിശ്വാസത്തിന്റേയും സൗഹൃദത്തിന്റേതുമായ ബന്ധം പടുത്തുയർത്തുന്നതിന് അടിസ്ഥാനം നൽകുന്നുണ്ട്. ദക്ഷിണേഷ്യയിൽ സ്ഥിരതയ്ക്കും പുരോഗതിക്കും പാകിസ്ഥാന്റെ ഐക്യവും അഖണ്ഡതയും അതിപ്രധാനമാണെന്ന് ഇന്ത്യ കരുതുന്നു. ഇന്ത്യയുടെ ഐക്യത്തെയും അഖണ്ഡതയെയും സംബന്ധിച്ച് ഇതേ മനോഭാവമാണ് നിങ്ങൾക്കുള്ളതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇന്ത്യയിലെയും പാകിസ്ഥാനിലെയും ജനങ്ങൾ സഹജീവിക്കുകയും സഹകരിക്കുകയും സമാധാനവും സമൃദ്ധിയും രണ്ടു രാജ്യങ്ങൾക്കും ഉജ്ജ്വലമായ ഒരു ഭാവിയും നേടിയെടുക്കാൻ വേണ്ടി ഒന്നിച്ച് അദ്ധ്വാനിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താനായി എല്ലാവിധത്തിലും നിങ്ങളോടൊത്തു പ്രവർത്തിക്കുന്നതിനെ ഞാൻ ഉററുനോക്കുന്നു. ആത്മാർത്ഥമായ അഭിനന്ദനങ്ങൾ നിങ്ങൾക്ക് അയയ്ക്കുന്നതിൽ ഇന്ത്യയിലെ ജനങ്ങൾ എന്നോടൊപ്പമുണ്ട്.'

(3 ഡിസംബർ, 1988)

## 11. അഫ്ഘാനിസ്ഥാൻ

1979 ഡിസംബറിൽ അഫ്ഘാനിസ്ഥാനിൽ പ്രവേശിച്ച ഒന്നേകാൽ ലക്ഷത്തോളം വരുന്ന സോവിയററ് സൈനികർ 1988 മെയ് 15 മുതൽ അവിടെ നിന്നു തിരിച്ചുപോകാൻ തീരുമാനിച്ചിരിക്കുകയാണ്. അവർ പോയിക്കഴിഞ്ഞാൽ പിന്നെ അഫ്ഘാനിസ്ഥാനിൽ എന്തുണ്ടാവും? ഈ ചോദ്യത്തിനു ലഭിക്കുന്ന ഉത്തരത്തിൽ ഇന്ത്യാക്കാരായ നമുക്കെല്ലാം അഗാധമായ താല്പര്യം ഉണ്ടായിരിക്കേണ്ടതാണ്.

പാകിസ്ഥാന് വടക്ക് മദ്ധ്യേഷ്യയിൽ ഹിന്ദുക്കുഷ് മലനിരകൾക്കിടയിൽ കിടക്കുന്ന അഫ്ഘാനിസ്ഥാന്റെ വിസ്തീർണം ആറരലക്ഷം ചതുരശ്രകിലോമീററിലധികമാണ് (കേരളത്തിന്റെ ഏതാണ്ട് പതിനാറിരട്ടി). പക്ഷേ, ജനസംഖ്യ ഒരുകോടിയോളമേ ഉള്ളൂ (കേരളത്തിലെ ജനസംഖ്യ രണ്ടരകോടി കവിഞ്ഞിരിക്കുന്നു). അത്യുഗ്രമായ ശൈത്യവും ഉഷ്ണവും മാറിമാറി അനു

ഭവപ്പെടുന്ന അഫ്ഘാനിസ്ഥാനിലെ ജനങ്ങളിൽ അധികംപേരും കർഷകരോ ഇടയരോ ആകുന്നു. പഠാൻ, താജിക്, ഹസാരാ, തുർക്കോമൻ, ഉസ്ബെക് മുതലായ പല ഗോത്രങ്ങളായി വിഭജിക്കപ്പെട്ട ഇവർ എല്ലാം മുസ്ലീങ്ങളാണ്. അവരിൽ 99 ശതമാനവും ഇന്നും നിരക്ഷരരാകുന്നു. അധികം അഫ്ഘാൻകാരും പശ്തോഭാഷ സംസാരിക്കുന്നു. ന്യൂനപക്ഷങ്ങൾക്ക സ്വന്തം ഭാഷകളുണ്ട്.

ഏഷ്യയിൽനിന്ന് യൂറോപ്പിലേക്ക നീണ്ടുകിടന്ന പഴയ വ്യാപാരമാർഗത്തിൽ ഈറാൻ, പാകിസ്ഥാൻ, സോവിയററ് യൂണിയൻ, ചൈന, കാശ്മീർ എന്നീ രാജ്യങ്ങളുമായി തൊട്ടുരുമ്മിക്കിടക്കുന്നു എന്നതാണ് അഫ്ഘാനിസ്ഥാന്റെ യുദ്ധതന്ത്രപരമായ പ്രാധാന്യത്തിനു കാരണം. അഫ്ഘാനിസ്ഥാൻ പ്രക്ഷുബ്ധമായാൽ അതിന്റെ ഫലങ്ങൾ സിന്ധു–ഗംഗാ സമതലങ്ങളിൽ എന്നും കാണപ്പെട്ടിട്ടുണ്ട്.

ക്രിസ്തുവിനുമുമ്പ് 330–ാമാണ്ടിൽ അലക്സാണ്ടർ അഫ്ഘാനിസ്ഥാൻ ആക്രമിച്ചു കീഴടക്കി. പിന്നീട് ബാക്ട്രിയ എന്ന പേരിൽ ഇവിടം ഒരു ഗ്രീക്ക് സംസ്കാരകേന്ദ്രമായി. ക്രിസ്തുവർഷം ഏഴാംനൂററാണ്ടിൽ അറബികൾ വന്നെത്തുമ്പോൾ വമ്പിച്ച ഒരു ബൗദ്ധസംസ്കാരകേന്ദ്രമായിരുന്നു അഫ്ഘാനിസ്ഥാൻ. മംഗോളുകളായ ജംഗിസ്ഖാനും തൈമൂറും അഫ്ഘാനിസ്ഥാൻ പടവെട്ടിപ്പിടിച്ചു. മുഗൾസാമ്രാജ്യസ്ഥാപകനായ ബാബർ ക്രിസ്തുവഷം 16–ാം നൂററാണ്ടിന്റെ ആരംഭത്തിൽ അഫ്ഘാനിസ്ഥാനിൽനിന്നാണ് ഇന്ത്യയിലേക്കുവന്നത്.

ക്രിസ്തുവർഷം 1747–ൽ അഹമ്മദ്ഷാ ദുറാനി സ്ഥാപിച്ച രാജവംശത്തിനു കീഴിൽ അഫ്ഘാനിസ്ഥാൻ ഒരു ഏകീകൃതരാഷ്ട്രമായിത്തീർന്നു. പത്തൊമ്പതാം നൂററാണ്ടിൽ ഈ പ്രദേശത്തു് സ്വാധീനശക്തി വർദ്ധിപ്പിക്കാൻ സാർചക്രവർത്തിമാരുടെ കീഴിൽ റഷ്യയും ബ്രിട്ടനും പരസ്പരം മത്സരിച്ചു. ഈ മത്സരത്തിൽ ബ്രിട്ടനായിരുന്നു ജയം. 1919 മുതൽ 1929 വരെ ഭരിച്ച അമാനുള്ള രാജാവ് ബ്രിട്ടീഷ് മേധാവിത്തത്തിൽനിന്നു തന്റെ രാജ്യത്തെ വിമോചിപ്പിച്ചു. അഫ്ഘാനിസ്ഥാനിൽ നവീകരണ പരിശ്രമം ആരംഭിച്ചതും അമാനുള്ളയാണ്. പിന്നീട് അഫ്ഘാനിസ്ഥാന്റെ ഭരണത്തിൽ പല മാററങ്ങളും വന്നു. 1933 മുതൽ 1973 വരെ നാടുവാണ സഹീർഷാ രാജാവ് ഒരു പട്ടാളവിപ്ലവത്തിൽ സ്ഥാനഭ്രഷ്ടനായി. ഇദ്ദേഹം ഇപ്പോൾ ഇററലിയിൽ പാർത്തുവരുന്നു. 1978–ൽ നടന്ന ഒരു വിപ്ലവത്തെത്തുടർന്ന് നൂർ മഹമ്മദ് തരാകി അധികാരത്തിൽവന്നു. അടുത്ത ആണ്ടിൽ തരാകിയെ സ്ഥാനഭ്രഷ്ടനാക്കിയ അമീനെ, മൂന്നു മാസം കഴിഞ്ഞു് ബബ്രാക്കർമാൽ തുരത്തി. കർമാലിന്റെ ക്ഷണം സ്വീകരിച്ചാണ്, നാട്ടിൽ സമാധാനം സ്ഥാപിക്കാനായി, റഷ്യൻ പട അഫ്ഘാനിസ്ഥാനിൽ പ്രവേശിച്ചതു്. അഫ്ഘാനിസ്ഥാനും സോവിയററ് റഷ്യയുമായി ഒരു പരസ്പര സഹായസന്ധി നിലവിലിരുന്നു.

ഇതോടെ അഫ്ഘാനിസ്ഥാനിൽ ആഭ്യന്തരയുദ്ധം ആരംഭിച്ചു. മുപ്പതു ലക്ഷത്തോളം അഫ്ഘാൻകാർ പാകിസ്ഥാനിലേക്കും പത്തു ലക്ഷത്തോളം അഫ്ഘാൻകാർ ഇറാനിലേക്കും പലായനംചെയ്തു. പാകിസ്ഥാനിലെ വടക്കുപടിഞ്ഞാറെ അതിർത്തി സംസ്ഥാനത്തിലുള്ള പേഷാവർ നഗരത്തിൽ കേന്ദ്രീകരിച്ച അഫ്ഘാൻകാരുടെ ഏഴു വ്യത്യസ്ത ഗ്രൂപ്പുകൾ മുജാഹിദുകൾ (ജേഹാദ്–മതയുദ്ധം നടത്തുന്നവർ) എന്ന പേരിൽ അറിയപ്പെട്ടു. ഇവർക്ക് പാകിസ്ഥാൻ സൈനികശിക്ഷണവും അമേരിക്ക ആയുധ–ധനസഹായവും നൽകി. ഇവരുടെ പ്രേരണയോടെ അഫ്ഘാനിസ്ഥാന്റെ അകത്തു്, അപ്രാപ്യങ്ങളായ പർവ്വതപ്രദേശങ്ങളിൽ, ഒളിപ്പോരാളികൾ കേന്ദ്രീകരിക്കുകയും അഫ്ഘാൻ ഗവണ്മെൻറിനും ഗവണ്മെൻറിനെ തുണയ്ക്കുന്ന റഷ്യൻ സൈനികർക്കും എതിരേ തുടരെത്തുടരെ ആക്രമണങ്ങൾ നടത്തുകയുംചെയ്തുവന്നു.

സോവിയററ് സൈനികർക്കെതിരെ പൊരുതുന്നതിനെന്നപേരിൽ അമേരിക്ക പാകിസ്ഥാന് വലിയ അളവിൽ അത്യാധുനികങ്ങളായ ആയുധ

ങ്ങളും അപരിമിതമായ സാമ്പത്തികസഹായവും തുടർച്ചയായി നൽകിക്കൊണ്ടിരിക്കുന്നു. പടിഞ്ഞാറെ ഏഷ്യയെ ഒരു കലാപമേഖലയാക്കുന്നതിന് അമേരിക്കയുടെ ഈ നടപടി കാരണമായിത്തീർന്നു. അമേരിക്ക നൽകിയ ആയുധങ്ങൾ പാകിസ്ഥാൻ ഇന്ത്യയ്ക്കെതിരെ ഉപയോഗിക്കാനാണ് സാദ്ധ്യത. ഈ ആയുധങ്ങളിൽ വളരെ വലിയ ഒരു പങ്ക് പഞ്ചാബിലെ ഖാലിസ്ഥാൻ തീവ്രവാദികളുടെ കൈകളിൽ എത്തിച്ചേരുന്നതായി സംശയിക്കപ്പെടുന്നു. ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ കറുപ്പ് ഉല്പാദനമേഖലയാണ് പാകിസ്ഥാനും ഇറാനും അഫ്ഘാനിസ്ഥാനും അടങ്ങുന്ന 'സ്വർണചന്ദ്രക്കല' (ഗോൾഡൻ ക്രെസൻറ്) പ്രദേശം. ഇവിടെ നിർമിക്കുന്ന മയക്കമരുന്നുകൾ ഇന്ത്യയിലൂടെ യൂറോപ്പിലേക്കും അമേരിക്കയിലേക്കും കടത്തുന്ന വിപുലമായ ഒരു കള്ളക്കടത്തു വ്യാപാരശൃംഖല, കലാപപരിസ്ഥിതിയെ ഉപയോഗപ്പെടുത്തി, ഈ പ്രദേശത്തു രൂപംകൊണ്ടിട്ടുണ്ട്. മനുഷ്യവർഗത്തിന്, ആററംബോംബുപോലെ ഒരു ഭീഷണിയായിത്തീർന്നിട്ടുണ്ട് ഈ കള്ളക്കടത്തു വ്യാപാരം.

'പീപ്പിൾസ് ഡെമോക്രാററിക് പാർട്ടി' (പി. ഡി. പി.) എന്ന കക്ഷിയുടെ തലവനെന്ന നിലയിൽ ഡോക്ടർ നജീബുള്ള പ്രസിഡൻറായുള്ള ഒരു ഗവണ്മെൻറാണ് ഇപ്പോൾ അഫ്ഘാനിസ്ഥാൻ ഭരിക്കുന്നതു്. ഈ ഗവണ്മെൻറിനെ തങ്ങൾ അംഗീകരിക്കുന്നില്ലെന്നും റഷ്യൻപട പിന്മാറിയശേഷവും നജീബുള്ളയുടെ ഗവണ്മെൻറിനെ തുരത്തുന്നതിനുള്ള മുജാഹിദുകളുടെ സമരത്തിനു തങ്ങൾ പിൻതുണ നൽകുമെന്നുമാണ് പാകിസ്ഥാൻ പറയുന്നതു്. അഫ്ഘാൻ കലാപകാരികൾക്ക് ആയുധ–ധനസഹായം നൽകുന്നതു് തുടരുമെന്ന് അമേരിക്കയും പ്രസ്താവിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, മെയ് 15–നു ശേഷം അഫ്ഘാനിസ്ഥാനിൽ പൊരിഞ്ഞ ആഭ്യന്തരയുദ്ധം നടന്നാൽ, അതിൽ അത്ഭുതപ്പെടേണ്ടതില്ല.

റഷ്യൻ സൈനികർ ഒഴിഞ്ഞുപോയശേഷം അഫ്ഘാനിസ്ഥാനിൽ സമാധാനം പുലർത്തുന്നതിനുള്ള മാർഗങ്ങളെപ്പററി ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ ജനീവയിൽ നടന്ന സംഭാഷണങ്ങൾ വിജയിച്ചില്ല. സംഭാഷണത്തിൽ കക്ഷികളായ പാകിസ്ഥാനും അഫ്ഘാനിസ്ഥാനും പരസ്പരം സംസാരിക്കാതെ, ഇടനിലക്കാരിലൂടെ ആശയവിനിമയം നടത്തുകയാണ് ജനീവയിൽ ചെയ്തതു്. ഇപ്പോൾ ഇററലിയിൽ പാർക്കുന്ന പഴയ അഫ്ഘാൻ രാജാവ് സഹീർഷായെ തിരികെ കൊണ്ടുവന്ന്, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു സർക്കാർ അഫ്ഘാനിസ്ഥാനിലുണ്ടാക്കുകയെന്ന നിർദേശം രണ്ടു കക്ഷികൾക്കും സ്വീകാര്യമായില്ല. ഡോ. നജീബുള്ള ഏഴു വർഷത്തേക്ക് അഫ്ഘാനിസ്ഥാന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വേണമെങ്കിൽ സഹീർഷാക്കു് അഫ്ഘാനിസ്ഥാനിൽ തിരിച്ചുവരികയും ഉചിതമായ ഏതെങ്കിലും പദവിവഹിക്കുകയും ചെയ്യാമെന്ന് ഡോ. നജീബുള്ള പ്രഖ്യാപിച്ചിട്ടുമുണ്ട്. സർക്കാരിനെതിരായി പൊരുതിയവർക്കെല്ലാം മാപ്പും ജനജീവിതത്തിൽ ഉചിതമായ സ്ഥാനവും നൽകുവാനും അദ്ദേഹം സന്നദ്ധനാണ്.

പേഷാവാറിലെ ഏഴ് മുജാഹിദ്സംഘങ്ങൾ 'ഇത്തെഹാദ് ഇസ്ലാമീ അഫ്ഘാനിസ്ഥാൻ' (അഫ്ഘാനിസ്ഥാനിലെ ഇസ്ലാമികസഖ്യം) എന്ന പേരിൽ സംഘടിച്ചിട്ടുണ്ട്. ഏഴ് സംഘങ്ങളിൽ മൂന്നു സംഘങ്ങൾ ഉഗ്ര–മുസ്ലീം–മതവാദികളുടേതാണ്. മൂന്നു സംഘങ്ങൾ മിതവാദികളുടേതും, ഒരു സംഘം ഇടനിലക്കാരുടേതുമാണത്രെ. അവരെ പരസ്പരം ഭിന്നിപ്പിച്ചു നിർത്തുന്നതു് ഗോത്രവർഗമത്സരങ്ങളാകുന്നു.

'ഹെസ്ബെ ഇസ്ലാമി' എന്ന പേരിൽ അറിയപ്പെടുന്ന ഉഗ്ര–മുസ്ലിം–മതവാദിസംഘടനയാണ് ഈ ഏഴു സംഘങ്ങളിൽ പ്രബലം. ഒരു ശുദ്ധ–ഇസ്ലാമികഭരണകൂടം അഫ്ഘാനിസ്ഥാനിൽ സ്ഥാപിക്കുകയാണ് ഇവരുടെ

ലക്ഷ്യം. ഇവർ കടുത്ത കമ്യൂണിസ്റ്റു് വിരോധികളുമാണു്. ഇവരുടെ തലവനായ ഹെക്മത്യാർ എന്ന 39 വയസ്സുകാരനായ പഠാനെയാണു് പാകിസ്ഥാൻകാരും അമേരിക്കക്കാരും ഇന്നോളം ഏററവുമധികം സഹായിച്ചു വന്നിട്ടുള്ളതു്.

ഉഗ്ര–മതവാദികളുടെ മറെറാരു സംഘം 'ജമായത്തേ ഇസ്ലാമി' എന്ന പേരിൽ അറിയപ്പെടുന്നു. റബ്ബാനി എന്ന ഒരു മുൻ പ്രൊഫസറാണു് ഇവരുടെ തലവൻ. ഇദ്ദേഹം താജിക് ഗോത്രത്തിൽപെട്ട ആളാണു്. പഠാൻകാർ കഴിഞ്ഞാൽ, അഫ്ഘാനിസ്ഥാനിലെ ഏററവും വലിയ ഗോത്രം താജിക്കുകളുടേതാണു്. റബ്ബാനിക്കും കിട്ടിയിട്ടുണ്ടു് ധാരാളം അമേരിക്കൻ സഹായം. അഫ്ഘാനിസ്ഥാനിസ്ഥാനകത്തു് കാബൂളിനു് വടക്കായി ഒളിപ്പോർ നടത്തുന്ന അഹമ്മദ് മസൂദ് എന്ന ഗറില്ലപ്പടയാളിയുമായി റബ്ബാനിക്കു ബന്ധമുണ്ടു്. ഇത്തരം ഏഴോ എട്ടോ ഗറില്ലപ്പടയാളികൾ അഫ്ഘാനിസ്ഥാനകത്തു പ്രവർത്തിച്ചുവരുന്നു.

മൂന്നു മുജാഹിദ്സംഘങ്ങൾ ഉഗ്ര–മതവാദികളല്ല. അഫ്ഘാനിസ്ഥാനിലെ പഴയ ഗോത്രവർഗഭരണം പുനഃസ്ഥാപിക്കുകയാണു് ഇവരുടെ ലക്ഷ്യം.

മുജാഹിദുകളുടെയിടയിലെന്നപോലെ, ഭരണകക്ഷിയായ പി. ഡി. പി. യിലുമുണ്ടു് പല ആഭ്യന്തരമത്സരങ്ങൾ. പാർച്ചം, ഖൽക് എന്നീ പേരുകളിൽ ആ പാർട്ടി നെടുകെ പിളർന്നിട്ടു് പല വർഷങ്ങളായി. അടുത്തകാലത്തു് അഫ്ഘാനിസ്ഥാനിലുണ്ടായ അസ്ഥിരതയുടെ മുഖ്യകാരണം ഭരണകക്ഷിയിലെ ഈ ഭിന്നിപ്പായിരുന്നു.

ശത്രുവിൻെറ ശത്രു ബന്ധുവാണല്ലോ. ഇന്ത്യയുടെ ശത്രുവായ പാകിസ്ഥാൻെറ ശത്രുവായ അഫ്ഘാനിസ്ഥാനും ഇന്ത്യയും തമ്മിൽ വളരെ അടുത്ത സൗഹൃദബന്ധം ആദ്യംമുതൽ നിലവിലുണ്ടു്. സൈനികസമാധാനം നിലവിൽ വന്നുകഴിഞ്ഞാൽ അഫ്ഘാനിസ്ഥാനെ സാമ്പത്തികമായും സാംസ്കാരികമായും വികസിപ്പിക്കുന്നതിനു പരമാവധി സഹായം ഇന്ത്യ വാഗ്ദാനം ചെയ്തിട്ടുണ്ടു്. മേയ് ആദ്യവാരത്തിൽ പ്രസിഡണ്ടു് നജീബുള്ള ഇന്ത്യ സന്ദർശിച്ചതു്, ഈ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സഖ്യത്തെ ദൃഢതരമാക്കുന്നതിനു് ഉപകരിച്ചു.

റഷ്യൻപട പിന്മാറുന്നതോടെ, അഫ്ഘാനിസ്ഥാനിലെ ആഭ്യന്തരസമരം മൂർച്ഛിക്കുമോ? അതോ, ഇപ്പോൾ സർക്കാരിനെതിരായി പൊരുതിക്കൊണ്ടിരിക്കുന്ന ഗ്രൂപ്പുകളിൽ പ്രധാനപ്പെട്ടവയെ ഉൾക്കൊള്ളിച്ചു്, ജനാധിപത്യത്തിനും പുരോഗതിക്കുംവേണ്ടി നിലകൊള്ളുന്ന, വിശാലമായ അടിസ്ഥാനത്തിലുള്ള, ഒരു ഗവണ്മെൻറ് സ്ഥാപിക്കാനും ആഭ്യന്തരകലാപങ്ങൾ ഒതുക്കി സമാധാനം നിലവിൽ വരുത്താനും പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാനും പ്രസിഡണ്ടു് നജീബുള്ളയ്ക്കു സാധിക്കുമോ? അഫ്ഘാനിസ്ഥാനിലെ സമാധാനം (അല്ലെങ്കിൽ ആഭ്യന്തരകലാപം) ഇന്ത്യ–പാകിസ്ഥാൻബന്ധങ്ങളെ എങ്ങനെയാണു് ബാധിക്കുക?

ഈ ചോദ്യങ്ങളിലും ചരിത്രം അവസ്സു നൽകാനിരിക്കുന്ന ഉത്തരങ്ങളിലും നമുക്കു് ആഴമേറിയ താല്പര്യം ഉണ്ടായിരിക്കണം.

(7, മെയ് 1988)

## 12. ബർമ

ഇന്ത്യയുടെ കിഴക്കുഭാഗത്തു്, ബംഗാൾ ഉൾക്കടലിൻെറ കിഴക്കെ കരയിൽ സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്ര രാഷ്ട്രമാണു് ബർമ. ബർമയുടെ പടിഞ്ഞാറെ അതിർത്തിയിൽ ഇന്ത്യയും ബംഗ്ലാദേശും, കിഴക്കെ അതിർത്തിയിൽ ചൈന, ലാവോസ്, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളുമാണു്. ഏഴു സ്റ്റേററുകളും,